


# അത്ഭുതങ്ങൾ തീർന്നിട്ടില്ല

(നിയമാ. 11:13 – 12:1; ലൂക്കാ 8:41b – 56; ഗലാ. 5:1 – 26; ഏശയ്യാ 40:18 – 41:7)

ബ്ര. വർഗ്ഗീസ് വലിയനിരപ്പേൽ MCBS

Vol. 11, Issue: 22

**ഈ**ശോമിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

ഈശോ, മിശിഹായാണ് എന്ന് വെളിപ്പെടുത്തുവാൻ പോന്ന നാല് ശക്തമായ അത്ഭുതപ്രവർത്തികളാണ് ലൂക്കായുടെ സുവിശേഷത്തിന്റെ എട്ടാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതിൽ അവസാനത്തെ രണ്ട് അത്ഭുതങ്ങളാണ് ഇന്നത്തെ സുവിശേഷവായന. സമാന്തരസുവിശേഷങ്ങൾ മൂന്നിലും ഈ സംഭവങ്ങൾ വിവരിച്ചിരിക്കുന്നു. ശിഷ്യന്മാർക്കുള്ള ഈശോയുടെ വെളിപാടായി ഈ അത്ഭുതങ്ങളെ കാണാം. ആണോ, പെണ്ണോ, മുതിർന്നവരോ, പൈതങ്ങളോ, അധികാരിയോ, അശുദ്ധനോ ആരുമായിക്കൊള്ളട്ടെ, എല്ലാവർക്കും ഈശോ നൽകുന്ന രക്ഷയുടെ അനുഭവം സ്വന്തമാക്കുവാൻ സാധിക്കുമെന്ന് ഇന്നത്തെ സുവിശേഷം നമുക്ക് കാണിച്ചുതരുന്നു.

രണ്ടു സ്ത്രീകളിലൂടെ തന്റെ മഹത്വം വെളിപ്പെടുത്തുവാൻ ഈശോ പ്രവർത്തിച്ച രണ്ട് അത്ഭുതങ്ങളെയാണ് നാം വായിച്ചു കേട്ടത്. സിനഗോഗ് അധികാരിയായ ജായ്റോസിന്റെ പന്ത്രണ്ടു വയസ്സുള്ള മകളെ മരണത്തിൽ നിന്ന് ജീവനിലേയ്ക്ക് നയിക്കുന്നതും, പന്ത്രണ്ടു വർഷമായി രക്തസ്രാവം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീയെ സുഖപ്പെടുത്തുന്നതും. ഒന്നു സൂക്ഷിച്ചുനോക്കിയാൽ ഈ രണ്ട് അത്ഭുതങ്ങളിലും ചില പൊതുവായ കാര്യങ്ങൾ നമുക്ക് കണ്ടെത്തുവാനായി സാധിക്കും.

ഒന്നാമതായി, ജായ്റോസും രക്തസ്രാവക്കാരി സ്ത്രീയും സ്വയം എളിമപ്പെടുവാൻ തയ്യാറായി. ജായ്റോസ് സിനഗോഗ് അധികാരിയാണ്. യഹൂദരുടെ സിനഗോഗിലെ നേതാക്കന്മാരുടെ തലവനാണ് സിനഗോഗ് അധികാരി. യഹൂദ വിഭാഗത്തിൽ വലിയ വിലയും നിലയുമുള്ളവൻ. ആ ജായ്റോസാണ് തന്റെ മകൾക്കുവേണ്ടി ഈശോയുടെ കാൽക്കൽ വീഴുന്നത്. ജായ്റോസിന്റെ ഹൃദയത്തിന്റെ എളിമപ്പെടലാണ് സുവിശേഷകൻ ഇവിടെ എടുത്തുകാണിക്കു

ന്നത്. രക്തസ്രാവക്കാരിയുടെ കാര്യത്തിലും ഇതേ എളിമപ്പെടൽ കാണുവാൻ സാധിക്കും. 'വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ടു' എന്നൊരു വിശദാംശം ലൂക്കാ കൂട്ടിച്ചേർക്കുന്നു. 'ക്രസ്പദോൺ' എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് 'വിളുമ്പ്' എന്ന പദം ഉത്ഭവിക്കുന്നത്. യഹൂദ പുരുഷന്മാർ ധരിച്ചിരുന്ന മേലങ്കിയുടെ മുകളിൽ ചേർത്തു തുന്നിയിരിക്കുന്ന തൊങ്ങൽ എന്നും ഈ വാക്കിന് അർത്ഥമുണ്ട്. ഒരു വ്യക്തി നിയമം പൂർണ്ണമായും അനുസരിച്ചു ജീവിക്കുന്നതിന്റെ ബാഹ്യ അടയാളമായിരുന്നു ഈ തൊങ്ങൽ. ഈശോയുടെ വസ്ത്രത്തിന്റെ ഈ വിളുമ്പിൽ തൊടുവാൻ ആ സ്ത്രീ എത്രമാത്രം കുനിഞ്ഞിരിക്കും. സമൂഹം അശുദ്ധയെന്നു പറഞ്ഞ് മാറ്റിനിർത്തിയിരുന്ന ആ സ്ത്രീ ഈശോയുടെ അടുത്തേയ്ക്കെത്താൻ എത്രമാത്രം ആട്ടും തുപ്പും സഹിച്ചിരിക്കും. 'താണ നിലത്തേ നീരോടൂ. അവിടെ ദൈവം തുണയുള്ളൂ' എന്ന് കവി പാടുന്നുണ്ട്. എനിക്ക് ഒന്നും ചെയ്യുവാനില്ല, ഇനി എന്തെങ്കിലും ചെയ്യുവാനുണ്ടെങ്കിൽ അവിടുത്തേയ്ക്ക് മാത്രമേ സാധിക്കൂ എന്നുപറഞ്ഞ് കർത്താവിന്റെ മുമ്പിൽ സ്വയം എളിമപ്പെടുന്നവൾ.

രണ്ടാമതായി, നിരാശയുടെ ഇടയിലും പ്രത്യാശ കൈവിടാത്ത രണ്ടു ജീവിതങ്ങളാണ് ജായ്റോസിന്റെയും രക്തസ്രാവക്കാരി സ്ത്രീയുടെയും. പന്ത്രണ്ടു വർഷമായി തങ്ങളുടെ കുടുംബജീവിതത്തിന്റെ സന്തോഷത്തിനു കാരണമായ ഏകമകൾ മരണാസന്നയായിരിക്കുന്നു. 12 വയസ്സുള്ള ബാലിക യൗവനത്തിന്റെ വസന്തത്തിലാണ്. 12-ാം വയസ്സിൽ പെൺകുട്ടികൾ പക്വതയിലെത്തി പുതുജീവൻ നൽകാൻ കഴിവുള്ളവരായിത്തീരുന്നതുകൊണ്ട് യഹൂദർ മതപരമായ പ്രത്യേക ആഘോഷങ്ങളും ആചാരങ്ങളും നടത്തുമായിരുന്നു. ആ കുടുംബമാണ് ഇവിടെ ദുഃഖത്തിൽ കഴിയുന്നത്. ഈ നിരാശയുടെ ഇടയിലും തന്റെ പ്രതീക്ഷ ജായ്റോസ് കൈവിടുന്നില്ല.

പന്ത്രണ്ടു വർഷക്കാലം രക്തസ്രാവം അനുഭവിച്ച സ്ത്രീയുടെ ജീവിതത്തിലെ നല്ലൊരു കാലഘട്ടം കഴിഞ്ഞു. സമൂഹത്തിൽ നിന്നുള്ള അവഗണനയും തൊട്ടുകൂടായ്മയും. ഒരുപക്ഷേ, ഇന്നത്തെ കാലത്തായിരുന്നെങ്കിൽ ഡിപ്രഷനിലോ ആത്മഹത്യയിലോ ഒക്കെ അവസാനിക്കാമായിരുന്ന രണ്ടു ജീവിതങ്ങൾ. ചെറിയ ഇടർച്ചകളിൽപോലും പതറിപ്പോകുന്ന നമുക്ക് ഈ രണ്ട് ജീവിതങ്ങൾ വലിയ പാഠമാണ്. നിരാശയുടെ പടുകുഴിയിലൂടെ നാം കടന്നുപോകുമ്പോഴും, ഒരു വാതിലും നമ്മുടെ മുമ്പിൽ തുറക്കാത്തപ്പോഴും നാം ഓർക്കണം, ഈ വചനം. "രക്ഷിക്കാനാകാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല; കേൾക്കാനാകാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടുമില്ല" (ഏശയ്യാ 59:1).

മൂന്നാമതായി, രണ്ടുപേരും കർത്താവിൽ അടിയുറച്ചു വിശ്വസിച്ചു. ഈശോ തന്റെ ഭവനത്തിൽ വന്നാൽ ആസന്നമരണയായ മകളെ സുഖപ്പെടുത്താൻ സാധിക്കുമെന്നു വിശ്വസിച്ച സിനഗോഗ് അധികാരിയായ ജായ്റോസും, ഈശോയുടെ വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നു സ്പർശിച്ചാൽ മാത്രം മതി, താൻ സൗഖ്യം പ്രാപിക്കുമെന്നു വിശ്വസിച്ച രക്തസ്രാവക്കാരിയായ സ്ത്രീയും നമ്മുടെ ജീവിതത്തിന് വെല്ലുവിളികളാണ്. നൂറ്റാണ്ടുകളുടെ വിശ്വാസപാരമ്പര്യം അവകാശപ്പെടുന്ന നമ്മുടെ വിശ്വാസം ഇത്രയും എത്തുമോ?

ഒത്തിരി അസ്വസ്ഥതകളുടെയും, രോഗപീഡകളുടെയും സാമ്പത്തിക ഞെരുക്കങ്ങളുടെയുമൊക്കെ ഈ കോവിഡ് കാലത്ത് ജായ്റോസിന്റെയും രക്തസ്രാവക്കാരിയുടെയും ജീവിതങ്ങൾ ഇരുൾ നിറയുന്ന നമ്മുടെ ജീവിതങ്ങൾക്ക് വെളിച്ചം നൽകട്ടെ. നല്ല ദൈവം നമ്മെ ഒരിക്കലും കൈവിടുകയില്ല. അവിടുന്നിൽ നമുക്ക് പൂർണ്ണമായി വിശ്വസിക്കാം. നല്ല നാളുകൾക്കായി പ്രത്യാശയോടെ കാത്തിരിക്കാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നിത്യം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.